# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുതാഴം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.2/120/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

തീയ്യതി: 13/03/2023

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുതാഴം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.2/120/2023 തീയ്യതി: 13/03/2023

## കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-06-2022 മുതൽ 17-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജിലൻ എം സി | ഡെപ്യൂട്ടി ഡയറക്ടർ | 18-01-2023 | 28-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-01-2023 | 28-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു. ടി. പി , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

2.ഗണേശൻ കേളോത്ത് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.ധന്യ. എം. വി , ഓഡിറ്റർ(21.01.2023 വരെ)

4.പ്രമോദ്. കെ , ഓഡിറ്റർ

5.നിഖിൽ. ,ഓഡിറ്റർ(23.01.23 AN മുതൽ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം. ശ്രീധരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ദിലീപ് പുത്തലത്ത് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 06-04-2021 |
| ശ്രീ. സി എം ഹരിദാസ് | സെക്രട്ടറി | 07-04-2021 | 12-07-2021 |
| ശ്രീ.സതീശൻ.കെ വി | സെക്രട്ടറി | 13-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ദിലീപ് പുത്തലത്ത് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. നാരായണൻ പി | കൃഷി ഓഫീസർ | 01-04-2021 | 31-10-2021 |
| ശ്രീ.സതീഷ് കുമാർ കെ | കൃഷി ഓഫീസർ | 01-11-2021 | 30-11-2021 |
| ശ്രീ.നാരായണൻ പി | കൃഷി ഓഫീസർ | 01-12-2021 | 31-03-2022 |
| ശ്രീമതി.കവിത എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 20-04-2021 |
| ശ്രീമതി അനിത സി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 21-04-2021 | 27-04-2021 |
| ശ്രീമതി സുനിത കെ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 28-04-2021 | 30-04-2021 |
| ശ്രീമതി അനിത സി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-05-2021 | 17-06-2021 |
| ശ്രീമതി സുനിത കെ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 18-06-2021 | 04-10-2021 |
| ശ്രീമതി സപ്ന വി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 05-10-2021 | 04-12-2021 |
| ശ്രീ ശ്രീരാഗ് എം പി | അസിസ്റ്റന്റ് എഞ്ചിനീയർ | 05-12-2021 | 16-12-2021 |
| ശ്രീമതി അനിത സി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 17-12-2021 | 18-12-2021 |
| ശ്രീ പ്രശോഭ് എൻ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 21-12-2021 | 31-12-2021 |
| ശ്രീമതി അനിത സി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-01-2022 | 31-03-2022 |
| ഡോ. പ്രവ്യദാസ് എസ് കെ | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.രഞ്ജിത്ത് കുമാർ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ ഹരികുമാർ എസ് കർത്ത | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സബ്ന പി | ഐ സി ഡി എസ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീ പി ആർ രാജേഷ് | ഫിഷറീസ് സബ് ഇൻസ്‌പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ബീന പി വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി പുഷ്പലത കെ വി | ഹെഡ്മിസ്ട്രസ് | 01-04-2021 | 07-12-2021 |
| ശ്രീമതി സുനന്ദ കുമാരി കെ വി | ഹെഡ്മിസ്ട്രസ് | 08-12-2021 | 31-03-2022 |
| ശ്രീമതി സ്മിത പി | വി ഇ ഒ , മണ്ടൂർ | 01-04-2021 | 05-06-2021 |
| ശ്രീ ജിതേഷ് കെ പി | വി ഇ ഒ , മണ്ടൂർ | 06-06-2021 | 31-03-2022 |
| ശ്രീ ജിതേഷ് കെ പി | വി ഇ ഒ , ചെറുതാഴം | 01-04-2021 | 04-06-2021 |
| ശ്രീമതി അമൃത ജി എ | വി ഇ ഒ , ചെറുതാഴം | 05-06-2021 | 31-03-2022 |

അസിസ്റ്റന്റ് എഞ്ചിനീയർ- 19.12.21 മുതൽ 20.12.21 വരെ ഒഴിവ്

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ - കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-7 |
| 10 | ക്യാഷ് ബാലൻസ് | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | ഗ്രാമസഭ | 1-10 |
| 13 | വസ്തു നികുതി -അപാകങ്ങൾ | 1-11 |
| 14 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല,ലൈസൻസ് ഫീ ഈടാക്കിയതിൽ കൃത്യത ഇല്ല. | 1-12 |
| 15 | ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള തുക ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-13 |
| 16 | വാടക- രേഖകൾ ഹാജരാക്കിയിട്ടില്ല | 1-14 |
| 17 | കുടിശിക ക്ഷാമബത്ത-അധികം നല്കിയതും മറ്റ് അപാകങ്ങളും -1128 രൂപ തിരിച്ചടക്കേണ്ടതാണ് | 1-15 |
| 18 | ശമ്പള പരിഷ്കരണ കുടിശിക കണക്കാക്കിയതിലെ അപാകം- ₹29813 ന്റെ അധികച്ചെലവ് | 1-16 |
| 19 | സെക്രട്ടറിയുടെ തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട അപാകങ്ങൾ | 1-17 |
| 20 | ജീവനക്കാരുടെ ആദായ നികുതി - പ്രതീക്ഷിത നികുതി കണക്കാക്കി പ്രതിമാസം സ്രോതസ്സിൽ നിന്ന് കുറവു ചെയ്തിട്ടില്ല | 1-18 |
| 21 | അംഗീകൃത തസ്തികയില്ലാതെ ദിവസ വേതന ജീവനക്കാരെ നിയമിച്ചത്-410600രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-19 |
| 22 | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി കരാറിലേർപ്പെടൽ-അപാകതകൾ | 1-20 |
| 23 | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും-400000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-21 |

| | | |
|---|---|---|
| 24 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-22 |
| 25 | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണവിവരവും ലഭ്യമാക്കേണ്ടതാണ്. | 1-23 |
| 26 | മത്സ്യമാർക്കറ്റ് ശുചീകരണം-അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല.1,11,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-24 |
| 27 | എസ് എസ് എ വിഹിതം നൽകൽ-സർക്കാർ ഉത്തരവിൽ നിർദേശിച്ച പ്രകാരം നിർവ്വഹിക്കേണ്ടതാണ് | 1-25 |
| 28 | ഘടക സ്ഥാപനങ്ങളുടെ അനാമത്ത് ചെലവുകൾ-വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. | 1-26 |
| 29 | വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ-അനുബന്ധരേഖകൾ/വിശദീകരണം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 30 | മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-28 |
| 31 | തുടർ സാക്ഷരതയ്ക്കുള്ള ഫീസ് അടവ്-തുടർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. | 1-29 |
| 32 | അങ്കണവാടി പോഷകാഹാര വിതരണം ന്യൂട്രിമിക്സ് വാങ്ങിച്ച തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. | 1-30 |
| 33 | അങ്കണവാടി പോഷകാഹാര വിതരണം പദ്ധതി നിർവ്വഹണത്തിലെ -അപാകങ്ങൾ. | 1-31 |
| 34 | പഞ്ചായത്തിലെ ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകൽ- അപാകങ്ങൾ ₹7356 നിരാകരിക്കുന്നു, 57890/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-32 |
| 35 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത് | 1-33 |
| 36 | മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കാത്തത്-326797രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-34 |
| 37 | കറവ പശുക്കൾക്ക് കാലിത്തീറ്റ വിതരണം-രേഖകൾ ഹാജരാക്കാത്തത് -199733/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 1-35 |
| 38 | ഭവവനനിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-36 |
| 39 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ-പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-37 |
| 40 | കക്കൂസ് റിട്രോഫിറ്റിംഗ്-അർഹത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയതിനുശേഷം മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. | 1-38 |
| 41 | അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ് പുനരുദ്ധാരണം-അനുബന്ധരേഖകൾ | 1-39 |

| | | |
|---|---|---|
| | പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. | |
| 42 | അവിഞ്ഞി സാംസ്കാരിക നിലയത്തിന് ഒന്നാം നില നിർമ്മാണം- അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-40 |
| 43 | ഓൺഗ്രിഡ് സോളാർ പാനൽ- കെ എസ് ഇ ബി യിൽ നിന്നുള്ള വിഹിതം ലഭിച്ചിട്ടില്ല | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ചെറുതാഴം ഗ്രാമപഞ്ചായത്തിന്റെ 2021-22സാമ്പത്തിക വർഷത്തെ ബജറ്റ് 26.02.2021 തീയതിയിലെ പ്രത്യേക യോഗത്തിലെ 4/21 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 30.03.22 ലെ 3/22 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 98,57,907 | 1,58,48,937 |
| വരവ് | 26,11,92,350 | 20,31,38,780 |
| ആകെ | 27,10,50,257 | 21,89,87,717 |
| ചെലവ് | 26,58,52,500 | 20,12,43,720 |
| നീക്കിയിരിപ്പ് | 51,97,757 | 1,77,43,997 |

ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പാസാക്കി നല്കുന്ന ബജറ്റ് അതേപടി അവതരിപ്പിക്കുകയും അടുത്ത മീറ്റിംഗിൽ അംഗീകരിക്കുകയുമാണ് ചെയ്തത്. ബജറ്റ് ചർച്ചകൾ മിനുട്സ് ചെയ്യപ്പെട്ടിട്ടില്ല.ജന്റർ ബജറ്റും പർഫോമൻസ് ബജറ്റും തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 14.09.22(*) | തിരിച്ചയച്ചിട്ടില്ല |

*(*)27.07.2022* തീയതിയിൽ എയിംസിൽ സമർപ്പിച്ചു. സമയപരിധിക്കകം ധനകാര്യ പത്രിക സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 27.07.2022 തീയതിയിലെ 01/22 നമ്പർ തീരുമാന പ്രകാരമാണ് 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

## 1-2-1 വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകങ്ങൾ

1.ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് -

ഒരേ ഇനങ്ങൾക്കു തന്നെ ഡെബിറ്റ് ബാലൻസും ക്രെഡിറ്റ് ബാലൻസും ചേർത്തത് ശരിയല്ല. ചില ഇനങ്ങളിൽ 2020-21 സാമ്പത്തിക വർഷം രേഖപ്പെടുത്തിയ നീക്കിയിരിപ്പും 2021-22 സാമ്പത്തിക വർഷത്തെ മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കോഡ്,ഇനം | 2020-21 ലെ ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയ നീക്കിയിരിപ്പ് | | 2021-22 ലെ ട്രയൽ ബാലൻസിൽ രേഖപ്പെടുത്തിയ മുന്നിരിപ്പ് | | ഐ കെ എം പരിഹരിച്ച നല്കിയ ശേഷമുള്ള 2021-22 ലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് | |
|---|---|---|---|---|---|---|
| | ക്രെഡിറ്റ് ബാലൻസ് ₹ | ഡെബിറ്റ് ബാലൻസ് ₹ | ക്രെഡിറ്റ് ബാലൻസ് ₹ | ഡെബിറ്റ് ബാലൻസ് ₹ | ക്രെഡിറ്റ് ബാലൻസ് ₹ | ഡെബിറ്റ് ബാലൻസ് ₹ |
| 310900101, Excess Of Income | 65806306 | 17427137 | 75178282 | 17427137 | 57751145 | |

| | | | | | | |
|---|---|---|---|---|---|---|
| Over Expenditure | | | | | | |
| 320100125, Integrated Child Development Service | 569776 | 4337757 | 4337757 | 4337757 | | |
| 320100196,Integrated Child Development Scheme | 1584299 | 1149701 | 1336780 | 1149701 | 187079 | |
| 320300103, Total Sanitation | 1694339 | 1499339 | 1524339 | 1499339 | 25000 | |
| 320300199, Other Government Agencies | 1008100 | 250100 | 960100 | 250100 | 710000 | |
| 340100303,Election Deposit | 67000 | | 65500 | | 65500 | |
| 350109999,Amount Payable To Other Creditors | 17398532 | 17381732 | 17382732 | 17381732 | 1000 | |
| 350200205, CGST | 306489 | 160888 | 296260 | 160888 | 135372 | |
| 350200206,SGST | 305639 | 295341 | 295341 | 159969 | 135372 | |
| 350300101,Library Cess | 887121 | 511983 | 885459 | 511983 | 373476 | |
| 350300111,Flood Cess | 45870 | | 44554 | | 44756 | |
| 350410102, Advance Collection Of Profession Tax, Institutions | 658929 | 321210 | 658029 | 321210 | 336819 | |
| 350410301,Advance Collection Of Revenues – License Fee | 451700 | 244700 | 451450 | 244700 | 206750 | |
| 431100101,Property Tax | 3186283 | 3170152 | 3170152 | 3170152 | 0 | |
| 431120101,Profession Tax(Current) | 1091945 | 1090695 | 1090695 | 1090695 | 0 | |
| 431300101,License Fee-Current | 608100 | 604600 | 604600 | 604600 | 0 | |
| 431400101, Rent | 2979743 | 2866149 | 2866149 | 2866149 | 0 | |
| 450100101,Cash | 83226805 | 84454613 | 84454613 | 84454613 | 0 | |
| 450210101,Nationalised Bank Account Of Own Fund Revenue | 7579097 | 19780031 | 7579097 | 17512541 | | 9933444 |

ഇു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 8/10.01.2023 ന് നല്കിയ മറുപടിയോടൊപ്പം സോഫ്റ്റ് വെയർ തകരാറ് പരിഹരിച്ച ശേഷമുള്ള ട്രയൽ ബാലൻസ് ഹാജരാക്കിയിട്ടുണ്ട്(അവസാനത്തെ കോളത്തിൽ ചേർത്ത തുക ഇു പ്രകാരമുള്ളതാണ്). എന്നാൽ 2020-21 ലെ നീക്കിയിരിപ്പും 2021-22 ലെ മുന്നിരിപ്പും പൊരുത്തപ്പെടാത്തതുമായി ബന്ധപ്പെട്ട അപാകത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

2.Reimbursement Of Other Expenses Incurred ഇനത്തിൽ ₹3,11,44,686 ആർ പി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ നാഷണൽ ഹൈവേ വികസനവുമായി ബന്ധപ്പെട്ട നഷ്ടപരിഹാരത്തുകയും ഉൾപ്പെടുന്നുണ്ട്. അനുയോജ്യമായ ഹെഡ് ഇല്ലാത്തതിനാലാണ് ഇവിടെ ഉൾപ്പെടുത്തിയതെന്ന വിശദീകരണം തൃപ്തികരമല്ല.

3.ആർ പി 30 ഷെഡ്യൂളിൽ അദർ സ്കീംസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ 51822രൂപ EPOC Clearance എന്ന

ഇനത്തിലുള്ളതാണ് . വിവിധ പദ്ധതികളുടെ ഭാഗമായി കൈമാറാൻ കഴിയാതിരുന്ന തുക തിരികെ ലഭിച്ച തുകയാണ് ഈയിനത്തിൽ വരാറുള്ളത്.പ്രസ്തുത തുക ഗ്രാന്റിനത്തിൽ ഉൾപ്പെടുത്തിയത് ശരിയല്ല. ട്രഷറിയുമായി ബന്ധപ്പെട്ട് യഥാർത്ഥ വിവരങ്ങൾ ശേഖരിക്കേണ്ടതും തുടർനടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധ രേഖകൾ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

4.ആർ പി 40 ഷെഡ്യൂളിൽ സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് -പബ്ലിക്ക് ഫെസിലിറ്റീസ്- സ്റ്റോറേജ് ഫെസിലിറ്റീസ് എന്ന ഹെഡിൽ രേഖപ്പെടുത്തിയ 142000രൂപ യഥാർത്ഥത്തിൽ സ്ട്രീറ്റ് ലൈറ്റ് എ എം സി ഇനത്തിലുള്ള ചെലവാണ്. ഇതേ രീതിയിൽ പല ഇനങ്ങളും യഥാർത്ഥ ചെലവിനവുമായി യാതൊരു ബന്ധവുമില്ലാത്ത ഹെഡുകളിൽ രേഖപ്പെടുത്തിയത് അപാകമാണ്.പ്രോജക്ട് ഡാറ്റാ എൻട്രി ചെയ്യുമ്പോൾ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5. വികസന ഫണ്ട് -ജനറൽ, സംരക്ഷണ ഗ്രാന്റ് -റോഡിതരം എന്നീ ഇനങ്ങളിൽ സുലേഖ ചെലവു പത്രിക പ്രകാരമുള്ള ചെലവുകളും എ സി ആർ പ്രകാരമുള്ള ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.(യഥാക്രമം 995129രൂപയുടെയും 50000രൂപയുടെയും വ്യത്യാസം). മാർച്ച് മാസം ബില്ലു നല്കിയതും ചെലവാകാത്തതുമായ തുകയാണിത്. അപാകം പരിഹരിക്കേണ്ടതാണ്.

6. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ - ഡിബിടി ചെലവു പത്രിക പ്രകാരമുള്ള ചെലവുകളും ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ചെലവുകളും തമ്മിൽ വലിയ വ്യത്യാസമുണ്ട്(ഏകദേശം ഇരട്ടിയോളം വരുന്ന തുകയാണ് വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടുള്ളത്. ഇതിനു കാരണമായി അറിയിച്ചത് ജേണൽ എൻട്രി വഴി കൃത്യമായ തുകയാണ് ചേർത്തതെങ്കിലും ഓട്ടോമാറ്റിക്ക് ആയി വീണ്ടും തുക വരികയാണ് ചെയ്തത് എന്നാണ്. മറുപടി തൃപ്തികരമല്ല.വിശദാംശങ്ങൾ ഖണ്ഡിക 1-7 ൽ ചേർത്തിട്ടുണ്ട്.

7.ആസ്തി, തേയ്മാനം- കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ ഏത് തീയതി വരെ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല.

8.പ്രയർ പിരിയഡ് ഇൻകം, പ്രയർ പിരിയഡ് എക്സ്പെന്റിച്ചർ- ഐ 18,ഐ 19 ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും വ്യത്യാസം വരാനിടയായ സാഹചര്യം വ്യക്തമാക്കുന്നതിനും എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നെങ്കിലും ലെഡ്ജറുകൾ മാത്രമാണ് ഹാജരാക്കിയത്. ലെഡ്ജറുകളിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

9.എം എൻ ആർ ഇ ജി എസ് - 2020-21 സാമ്പത്തിക വർഷത്തെ വ്യത്യാസം ക്രമീകരിച്ച ഇനത്തിലുള്ള 24,95,655 രൂപയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.മറുപടി പൂർണ്ണമല്ല. ലെഡ്ജറിൽ നിന്നും കൃത്യമായ വിവരങ്ങൾ ലഭിക്കുന്നില്ല.

10.ദുരിതാശ്വാസ നിധി- ബി 2 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും (63922രൂ) ബി 17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ തുകയും (42422രൂ) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ദുരിതാശ്വാസനിധിയിനത്തിൽ വരവു വന്ന തുക തെറ്റായി തനതു ഫണ്ടിൽ അടച്ചതിനാലാണ് വ്യത്യാസം വന്നത്.അപാകം പരിഹരിക്കേണ്ടതാണ്.

12. ബി 11 സി ഷെഡ്യൂളിൽ എ എം സി ഇനത്തിൽ ചെലവഴിച്ച 142000രൂപ ആസ്തിയായി കാണിച്ചത് ശരിയല്ല.

13. ദേശീയ പാതാ വികസനത്തിന്റെ ഭാഗമായി നഷ്ടമായ ഭൂമിയും കെട്ടിടങ്ങളും ആസ്തിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല

14.ബി 18 ഷെഡ്യൂളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള മുൻകൂർ എന്ന ഹെഡിൽ രേഖപ്പെടുത്തിയ 11,15,346രൂപ 2020-21 ലെ നീക്കിയിരിപ്പ് തുക തന്നെയാണ്. മുൻകൂറുകൾ യഥാസമയം ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതും ക്രമീകരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണ്.

15.സാക്ഷരതാ പ്രേരക്കിന് താല്ക്കാലികമായി തനതു ഫണ്ടിൽ നിന്ന് നല്കിയ ഓണറേറിയം(₹17280) കിട്ടാനുള്ള തുകയായി കാണിച്ചിട്ടില്ല . അപാകം പരിഹരിക്കേണ്ടതും തുക ക്രമീകരിക്കുന്ന മുറക്ക് ആയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണ്.

16.ഗ്രാമപഞ്ചായത്തിന് 4,31,26,626 രൂപയുടെ സ്ഥിരനിക്ഷേപങ്ങളും 20000രൂപ മൂല്യമുള്ള ഷെയർ സർട്ടിഫിക്കറ്റുകളും ഉള്ളതായാണ് (ആകെ ₹43146625) വാർഷിക ധനകാര്യ പത്രികയിൽ (ബി 12 ഷെഡ്യൂൾ) രേഖപ്പെടുത്തിയതെങ്കിലും ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം 4,30,05,849 രൂപ മാത്രമാണ് ഈയിനത്തിൽ വരുന്നത്. 140777രൂപയുടെ വ്യത്യാസം വന്നതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8/20.01.2023 ന് നൽകിയ മറുപടി കൂടി പരിഗണിച്ച് തയ്യാറാക്കിയത്)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,43,69,587 |

| | |
|---|---|
| വരവ് | 12,68,62,375 |
| ആകെ | 14,12,31,962 |
| ചെലവ് | 10,98,44,928 |
| നീക്കിയിരിപ്പ് | 3,13,87,034 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 38,297 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 15,06,020 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / (ലാപ്സായ തുക) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,81,80,083 | 1,81,80,083 | 1,81,73,329 | 6,754 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 34,59,000 | 34,59,000 | 29,76,350 | 4,82,650 |
| മെയിന്റനൻസ് ഗ്രാന്റ് , റോഡ് | 0 | 1,69,65,000 | 1,69,65,000 | 1,25,24,104 | 44,40,896 |
| മെയിന്റനൻസ് ഗ്രാന്റ് , റോഡിതരം | 0 | 59,16,048 | 59,16,048 | 42,75,067 | 16,40,981 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് (*) | 0 | 91,71,300 | 91,71,300 | 5,44,700 | 86,26,600 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്–ബേസിക്ക്(*) | 0 | 49,91,630+ 65,362പലിശ | 49,91,630+ 65,362പലിശ | 7,13,032 | 42,78,598 + 65,362പലിശ |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 1,87,079 | 1,487,513 | 16,74,592 | 13,96,855 | 27,737 |
| എസ് എസ് എ | 1,75,871 | 7,105 | 1,82,976 | 0 | 1,82,976 |
| ശുചിത്വമിഷൻ-മഴക്കാല പൂർവ്വശുചീകരണം | 0 | 1,70,000 | 1,70,000 | 1,70,000 | 0 |
| ശുചിത്വ മിഷൻ | 15,67,508 | 0 | 15,67,508 | 1,50,000 | 14,17,508 |
| ടോട്ടൽ സാനിറ്റേഷൻ-എസ് ബി എം ഫണ്ട് | 25,000 | 72,007 | 97,007 | 72,000 | 25,007 |
| വിമുക്തി | 32,040 | 0 | 32,040 | 0 | 32,040 |
| എം പി ഫണ്ട് | 2,180 | 11,96,510 | 11,98,690 | 11,50,597 | 48,093 |
| പൈക്ക | 100,000 | 0 | 100,000 | 0 | 100,000 |

| | | | | | |
|---|---|---|---|---|---|
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | 7,10,000 | 18,09,729 | 25,19,729 | 15,49,729 | 9,70,000 |
| കേന്ദ്രാവിഷ്കൃത വിഹിതം-ഹരിത അവാർഡ് | 417,896 | 0 | 417,896 | 0 | 417,896 |
| ഗ്രാന്റ് ഫോർ പാൻഡമിക്ക് കൺട്രോൾ | 82,000 | 0 | 82,000 | 82,000 (Xx) സർക്കാരിലേക്ക് തിരിച്ച് പിടിച്ചത് | 0 |

(*) ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് ഫണ്ടിനത്തിൽ അലോട്ട്മെന്റായി ലഭിച്ചത് 39,93,300 രൂപയും അതിൽ നിന്നുള്ള ചെലവ് 5,44,700 രൂപയുമാണ്. 544700/- രൂപയിൽ 142900/- രൂപ ഏപ്രിൽ മാസമാണ് യഥാർത്ഥത്തിൽ ചെലവായത് (PFMS ബാങ്ക് ഇഷ്യൂ കാരണം) ആയതിനാൽ RP 7 ൽ ഇത് കഴിച്ചുള്ള തുകയാണ് വരവായി ചേർത്തത് (₹401800) 34,48,600 രൂപ ലാപ്സായി. പി എഫ് എം എസ് വഴി ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ട അലോട്ട്മെന്റുകൾ (2589000*2=5178000 രൂ) ചെലവഴിച്ചിട്ടില്ല.

ബേസിക്ക് ഗ്രാന്റിനത്തിൽ 1539630 രൂപ അലോട്ട് മെന്റായി ലഭിച്ചതിൽ 7,13,032 രൂപ ചെലവഴിച്ചു. പി എഫ് എം എസ് വഴി ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ട അലോട്ട്മെന്റുകൾ (1726000*2= 3452000 രൂ) ചെലവഴിച്ചിട്ടില്ല. ആകെ ബാങ്ക് നീക്കിയിരിപ്പ് 86,95,362 രൂപ (5178000+3452000+65362-പലിശ)

വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന തുക മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് യഥാസമയം വിനിയോഗിക്കാനും വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കാനും ശ്രദ്ധിക്കേണ്ടതാണ്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്
ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 175 | 11,86,26,620 | 113 | 5,65,45,790 | 24 | 62 | 89 | 51 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 1,35,30,831 | 84,24,148 | 62.26 |
| വെറ്റിനറി സർജൻ | 4 | 4 | 26,25,000 | 11,95,013 | 45.5 |
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 7 | 6 | 30,34,750 | 22,90,231 | 75.47 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 3 | 14,97,092 | 14,47,092 | 96.7 |

| | | | | | |
|---|---|---|---|---|---|
| വി ഇ ഒ | 22 | 14 | 3,19,88,261 | 1,09,56,277 | 34.25 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 4 | 89,47,200 | 79,46,559 | 88.8 |
| സെക്രട്ടറി | 27 | 18 | 1,25,85,484 | 47,25,718 | 37.55 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 40 | 3,77,32,463 | 1,66,00,560 | 44 |
| ഹെഡ്മാസ്റ്റർ | 5 | 1 | 3,39,560 | 65,246 | 19.2 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 25,00,600 | 18,78,755 | 75.13 |
| എസ് ഐ ഫിഷറീസ് | 3 | 3 | 18,45,379 | 2,50,191 | 13.56 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 20,00,000 | 7,66,000 | 38.3 |
| ആകെ | 175 | 113 | 11,86,26,620 | 5,65,45,790 | 47.67 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 9,320 | 9,21,250 | 9,30,570 | 9,29,691(*) | 879 |
| ജി ഐ എസ് സർവ്വെ | 0 | 63,030 | 63,030 | 63,030 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,67,01,212 | 3,67,01,212 | 3,67,01,212 | 0 |
| ആകെ | 9,320 | 3,76,85,492 | 3,76,94,812 | 3,76,93,933 | 879 |

(*)19695(മിഷനിലേക്ക് തിരിച്ചടച്ചത്)+ 909701 (തനതു ഫണ്ടിലേക്ക് തിരിച്ചടച്ചത്)+ 295 (ബാങ്ക് ചാർജ്ജ്)

വ്യക്തിഗത ഗുണഭോക്താക്കളുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും അളവുകൾ രേഖപ്പെടുത്തുമ്പോഴും ഉടമകളുടെ പേരും സർവ്വേ നമ്പറും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അപാകങ്ങൾ

31.03.12 ലെ സ ഉ (കൈ) 93/2012/തസ്വഭവ ഉത്തരവ് പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17 ലെ സ ഉ (കൈ)നം 254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശങ്ങളും വ്യവസ്ഥകളും നടപടിക്രമങ്ങളും പാലിക്കപ്പെട്ടിട്ടില്ല.വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1)മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല .

A)മെറ്റീരിയൽ തുക അനുവദിക്കുന്നതിന് മുൻപ് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ പർച്ചേസ് ബില്ലുകൾ പരിശോധിച്ച് തുക പാസാക്കിയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.മെറ്റിരീയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകൾ സാക്ഷ്യപ്പെടുത്തി പാസാക്കാതെ തുക അനുവദിക്കുന്നത് ക്രമപ്രകാരമല്ല.

B)മെറ്റീരിയൽ പ്രവൃത്തികളുടെ പർച്ചേസ് ബില്ലുകളായി സമർപ്പിച്ചിട്ടുള്ളത് സാധനങ്ങൾ വാങ്ങിയ സ്ഥാപനത്തിൽ നിന്നും ലഭ്യമായ ബില്ലുകളല്ല .

2)തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണം - ഗ്രാമപഞ്ചായത്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി അപ്ഡേറ്റ് ചെയ്യുന്നില്ല .

മഹാത്മഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധയിയുടെ ഭാഗമായുള്ള പൊതു ആസ്തികളുടെ നിർമ്മാണവിവരങ്ങൾ ഗ്രാമപഞ്ചായത്ത് ആസ്തിരജിസ്റ്ററിൽ(സചിത്ര സോഫ്റ്റ് വെയറിൽ) രേഖപ്പെടുത്തി കാലികമാക്കിയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.2021-22 വർഷം സൃഷ്ടിച്ച പൊതു ആസ്തികളുടെ വിവരങ്ങൾ രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-7 ക്ഷേമപദ്ധതികൾ - കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

ഡിബിടി ചെലവു പത്രിക പ്രകാരമുള്ള ചെലവുകളും ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ചെലവുകളും തമ്മിൽ വലിയ വ്യത്യാസമുണ്ട്(ഏകദേശം ഇരട്ടിയോളം വരുന്ന തുകയാണ് വാർഷിക ധനകാര്യ പത്രികയിൽ വന്നിട്ടുള്ളത്). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2020-21 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത്(*) | | | 2021-22 ലെ പെൻഷൻ 2021-22 ൽ വിതരണം ചെയ്തത് ,As On 31.03.22 (*) | 2021-22 ലെ ആകെ പെൻഷൻ വിതരണം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ്/ വരവ് |
|---|---|---|---|---|---|---|
| | Ason 31.03.21 | Ason 31.03.22 | വ്യത്യാസം (**) | | | |
| കർഷക തൊഴിലാളി പെൻഷൻ | 1,00,97,600 | 1,48,72,400 | 47,74,800 | 1,02,37,800 | 1,50,12,600 | 2,25,07,200 |
| വാർധക്യകാല പെൻഷൻ | 3,09,29,300 | 4,56,14,200 | 1,46,84,900 | 3,25,99,200 | 4,72,84,100 | 7,18,74,800 |
| ഭിന്നശേഷിയുള്ള വർക്കുള്ള പെൻഷൻ | 55,60,200 | 82,21,000 | 26,60,800 | 58,22,200 | 84,83,000 | 1,28,04,400 |
| അമ്പതുവയസ്സിനു മുകളിലുള്ള അവിവാഹിത കൾക്കുള്ള പെൻഷൻ | 11,98,500 | 18,21,000 | 6,22,500 | 13,66,400 | 19,88,900 | 30,08,000 |
| വിധവാ പെൻഷൻ | 1,81,98,400 | 2,67,71,900 | 85,73,500 | 1,87,18,900 | 2,72,92,400 | 4,12,29,000 |

(*)സേവന സോഫ്റ്റ് വെയർ അപ്ലിക്കേഷൻ അടിസ്ഥാനമാക്കി തയ്യാറാക്കിയത്

(**) ഈ വ്യത്യാസമാണ് 2021-22 ൽ വിതരണം ചെയ്ത 2020-21 ലെ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം

| | |
|---|---|
| കർഷക തൊഴിലാളി പെൻഷൻ | 674 |
| വാർധക്യകാല പെൻഷൻ | 2270 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 368 |
| അമ്പതുവയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 86 |
| വിധവാ പെൻഷൻ | 1209 |

2020-21 സാമ്പത്തിക വർഷത്തെ ആവറേജ് പെൻഷൻ വിതരണം (Per Head Per Month) 1600ൽ കൂടുതലാണ് വരുന്നത്. 2019-20 , 2020-21 സാമ്പത്തിക വർഷങ്ങളിൽ മിക്കവാറും എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഈ രീതിയിലാണ് കണക്കുകൾ വരുന്നത്. 2021-22 സാമ്പത്തിക വർഷം കണക്കുകളിൽ വ്യത്യാസം വന്നിട്ടില്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ട് അപാകത്തിനുള്ള കാരണം കണ്ടെത്താവുന്നതാണ്.
2020-21 ലെ ആകെ പെൻഷൻ വിതരണവും ഗുണഭോക്താക്കളുടെ എണ്ണവും പൊരുത്തപ്പെടുന്നില്ല.

| പെൻഷൻ തരം | ട്രാൻസാക്ഷൻ കൗണ്ടർ | 2020-21 ലെ ആകെ പെൻഷൻ | ആവറേജ് |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 7431 | 1,48,72,400 | 2001 |
| വാർധക്യകാല പെൻഷൻ | 23503 | 4,56,14,200 | 1941 |
| ഭിന്നശേഷിയുള്ള വർക്കുള്ള പെൻഷൻ | 3986 | 82,21,000 | 2062 |
| അമ്പതുവയസ്സിനു മുകളിലുള്ള അവിവാഹിത കൾക്കുള്ള പെൻഷൻ | 887 | 18,21,000 | 2053 |
| വിധവാ പെൻഷൻ | 12934 | 2,67,71,900 | 2070 |

അപാകം പരിശോധിക്കപ്പെടേണ്ടതാണ്. (സേവനയിൽ നിന്നുള്ള DBT Reports ൽ Exp. Report അടിസ്ഥാനമാക്കിയത്)

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2023 തീയതിയിൽ രാവിലെ 11.15 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4743 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നുണ്ട്. വൗച്ചറുകൾ ക്രമമായി അടുക്കി വച്ച് ഉന്നിക്കെട്ടി സൂക്ഷിക്കാത്തത് പരിശോധനക്ക് തടസമായിട്ടുണ്ട്.ഓഫീസ് പ്രവർത്തനങ്ങൾ ഐ എൽ ജി എം എസ് വഴി ചെയ്യുന്നതിനാൽ ഓൺലൈനായി മുഴുവൻ രേഖകളും സൂക്ഷിക്കുന്നുണ്ടെന്നാണ് അറിയിച്ചത് . എന്നാൽ നിലവിൽ ഓഡിറ്റിന് ലഭ്യമായ ലോഗിനിൽ വിശദവിവരങ്ങൾ ലഭ്യമാകുന്നില്ല എന്നതിനാൽ പരിശോധനയ്ക്ക് സഹായകമാകും വിധം രേഖകൾ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യ സുരക്ഷാപെൻഷൻ - കോവിഡ് പശ്ചാത്തലത്തിൽ അന്വേഷണം നടത്തി തീരുമാനമെടുക്കാൻ വൈകിയതിനാൽ ചില അപേക്ഷകർക്ക് ആനുകൂല്യം ലഭിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ട്. ജനങ്ങൾക്ക് അർഹമായ ആനുകൂല്യം ലഭിക്കാൻ കാലതാമസം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മസ്റ്ററിംഗ് നടത്താത്തതിനാൽ വർഷങ്ങളായി പെൻഷൻ തടഞ്ഞു വെക്കപ്പെട്ട ഗുണഭോക്താക്കളുടെ അർഹതാ പരിശോധന നടത്തേണ്ടതും ഉചിത തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.
അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിക്കായി രണ്ട് പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പാക്കിയിട്ടുണ്ട്. ഒരേ ആവശ്യത്തിനായി ഒരു സാമ്പത്തിക വർഷം 2 പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടിവന്നത് ആസൂത്രണത്തിലെ പിഴവായി ഓഡിറ്റിൽ വിലയിരുത്തുന്നു.

## 1-10 ഗ്രാമസഭ

ചെറുതാഴം ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും 2022 ജനവരി മാസം വിവിധ തീയതികളിലായി ഒരു തവണ

വീതം ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭകളിലെ പ്രധാന അജണ്ടകൾ താഴെ പറയുന്നവയാണ്.

1. 14-ാം പഞ്ചവത്സര പദ്ധതി, 2022-23 വാർഷിക പദ്ധതി കരട് നിർദ്ദേശങ്ങൾ അംഗീകരിക്കൽ

2. 15-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ വിഹിതം - പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കൽ

3. അതിദാരിദ്ര്യ നിർണ്ണയ പട്ടിക അംഗീകരിക്കൽ

4. MGNREGS 2022-23 ലേബർ ബഡ്ജറ്റ്, ആക്ഷൻ പ്ലാൻ എന്നിവ അംഗീകരിക്കൽ

5. 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക സാധൂകരിക്കൽ

6. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ

7. 2021-22 വാർഷിക റിപ്പോർട്ട്, വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ

ഗ്രാമസഭാ മിനുട്സ് അതാത് ഗ്രാമസഭകളിൽ പങ്കെടുത്തവരിൽ പതിനഞ്ച് പേരെങ്കിലും സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല എന്നത് അപാകമാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വസ്തു നികുതി -അപാകങ്ങൾ

1.വസ്തു നികുതി ഭേദഗതി ഉത്തരവ് പ്രകാരമുള്ള നികുതി നിരക്ക് ഗ്രാമ പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടില്ല.
കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്.ആയതിനോപ്പം ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ എന്ന വിഭാഗത്തിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.(കുറഞ്ഞ നിരക്ക് 150 ,കൂടിയ നിരക്ക് 160). ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾ എന്ന വിഭാഗത്തിന് പഞ്ചായത്തിന് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തി കാണുന്നില്ല.ആയുർവേദ സുഖ ചികിത്സാകേന്ദ്രങ്ങൾക്ക് പഞ്ചായത്തിന് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.47/2021-22/28.1.2023) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാര പ്രകാരം വസ്തു നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.പ്രസ്തുത വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.
2.വുഡ്ഗ്രീൻസ് ആയുർവേദ വെൽനസ് റിസോർട്ട്- നികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ

2021-22 കാലയളവിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ , ശ്രീ.ബെന്നി തോമസ് ,വടക്കേൽ ഹൗസ് ,അലക്യംപാലം,വിളയാങ്കോട് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വുഡ്ഗ്രീൻസ് ആയുർവേദ വെൽനസ് റിസോർട്ട് എന്ന സ്ഥാപനം 2021 ആഗസ്റ്റ് മാസം രജിസ്ട്രേഷൻ പുതുക്കിയിട്ടുണ്ട്.മേൽ പറഞ്ഞ സ്ഥാപനത്തിന്റെ വസ്തു നികുതി ഹോം സ്റ്റേ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നിശ്ചയിച്ചിട്ടുള്ളത്.വിശദവിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നം | അളവ് | തരം | നിശ്ചയിച്ച നികുതി |
|---|---|---|---|
| 7/711B | 376.74 | ഹോംസ്റ്റേ | 23735 |
| 7/711C | 62.62 | " | 3382 |
| 7/711D | 45.91 | " | 2755 |

(1)പ്രസ്തുത കെട്ടിടങ്ങൾ ആയുർവേദ വെൽനസ് റിസോർട്ട് എന്ന രീതിയിലാണ് ഓൺലൈൻ പരസ്യങ്ങൾ നല്കിയിട്ടുള്ളത് എന്നതിനാൽ കെട്ടിടങ്ങൾ ആയുർവേദ സുഖചികിത്സാ കേന്ദ്രമായാണോ പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കേണ്ടതും ആയതിന് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തേണ്ടതുമാണ്. റിസോർട്ടായാണ് പ്രവർത്തിക്കുന്നതെങ്കിൽ ആയതിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. കെട്ടിട നമ്പറുകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയും ഉപയോഗ ക്രമം സംബന്ധിച്ച ഉടമയുടെ സാക്ഷ്യപത്രവും അന്വേഷണ റിപ്പോർട്ടും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.സ്ഥാപനം ആയുർവേദ കേന്ദ്രം നടത്തിപ്പിനായുള്ള എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.
2.ബെന്നി തോമസ് എന്ന വ്യക്തിയുടെ പേരിലുള്ള 7/711A എന്ന കെട്ടിടത്തിന്റെ ഉപയോഗക്രമവും പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. (തറ വിസ്തീർണ്ണം 438.11ചതുരശ്രമീറ്റർ) .പാർപ്പിടാവശ്യം എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.47/2021-22/28.1.2023)മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.മുകളിൽ പരാമർശിച്ച കെട്ടിടങ്ങളുടെ കെട്ടിട നമ്പറിനായി സമർപ്പിച്ച അപേക്ഷ,ഉപയോഗ ക്രമം സംബന്ധിച്ച ഉടമയുടെ സാക്ഷ്യപത്രം,ഉപയോഗ ക്രമം അനുസരിച്ച് നികുതി ഈടാക്കിയതിന്റെ വിവരം,7/711 A എന്ന കെട്ടിടത്തിന്റെ ഉപയോഗ ക്രമം സംബന്ധിച്ച ബന്ധപ്പെട്ട അധികാരികളുടെ പരിശോധനാ റിപ്പോർട്ട് എന്നിവ ഹാജരാക്കേണ്ടതും നികുതി നിർണ്ണയത്തിൽ പിഴവുണ്ടായിട്ടുണ്ടെങ്കിൽ ആയത് പരിഹരിച്ച് കുറവ് വന്ന തുക ഈടാക്കേണ്ടതുമാണ്. എഫ് ടി ഇ & ഒ എസ് ലൈസൻസില്ലാതെയാണ് സ്ഥാപനം നടത്തുന്നതെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഉടർ നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-12 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അപേക്ഷകളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല,ലൈസൻസ് ഫീ ഈടാക്കിയതിൽ കൃത്യത ഇല്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം7, പട്ടിക2 പ്രകാരം സ്ഥാപനത്തെ ഉൽപാദന മേഖല,സേവനമേഖല എന്നിങ്ങനെ തരം തിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ നിർണ്ണയിക്കേണ്ടതും ഈടാക്കേണ്ടതും. GO(P)No.80/2017/LSGD Dtd 31.10.17 നമ്പർ ഉത്തരവിൻ പ്രകാരം ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി അനുസരിച്ച് വിവിധ സ്ഥാപനങ്ങൾക്ക് ചുമത്താവുന്ന ലൈസൻസ് ഫീസ് നിരക്കിന് 12.02.19 തിയതിയിലെ നം.57(1) തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ 2021-22 വർഷത്തെ FTE&OS ലൈസൻസിനുള്ള അപേക്ഷകൾ പരിശോധിച്ചപ്പോൾ മിക്ക അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്താതെയാണ് ലൈസൻസ് ഫീ ഈടാക്കിയിരിക്കുന്നത്. പല അപേക്ഷകളിലെയും മൂലധന നിക്ഷേപവും ഈടാക്കിയ ലൈസൻസ് ഫീയും തമ്മിലുള്ള കൃത്യതയില്ലായ്മക്ക് മറുപടി ആരാഞ്ഞപ്പോൾ (Enquiry No. 31/26.01.23),അപേക്ഷകൻ മൂലധന നിക്ഷേപം തെറ്റായി രേഖപ്പെടുത്തിയതാണെന്നും ആയത് അപേക്ഷകന്റെ വ്യാപാര ഉദ്ദേശ്യം അറിഞ്ഞ് ലൈസൻസ് ഫീ അതിനനുസൃതമായി ഈടാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ലൈസൻസ് ഫീ ഡിമാൻഡ് രജിസ്റ്റർ Vol. I ൽ 346,347 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയതിന്റെ അപേക്ഷകളും ഉദ്ദേശ്യവിവരവും ഫയലിൽകണ്ടില്ല. ആയത് അന്വേഷിച്ചപ്പോൾ ടി അപേക്ഷകൾ കണ്ടെത്താൻ കഴിഞ്ഞില്ല എന്ന മറുപടിയാണ് ലഭ്യമായത്. ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്. മൂലധന നിക്ഷേപത്തിന്റെയും അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ചുമത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള തുക ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

28/9/13-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു.ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2021-2022 വരെയുള്ള കാലയളവിൽ ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ 460434/-രൂപ ലഭിക്കുവാൻ ബാക്കിയുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനയിനമായ ടെണ്ടർ ഫീസിനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | വർഷം | തുക |
|---|---|---|
| 1 | 2015-16 | 5250 |
| 2 | 2016-17 | 19005 |
| 3 | 2017-18 | 30130 |
| 4 | 2018-19 | 153356 |
| 5 | 2019-20 | 88479 |
| 6 | 2020-21 | 164214 |
| | | 460434 |

ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കുവാൻ ബാക്കിയുള്ള 460434/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭിക്കുന്നതിന് അടിയന്തിരനടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 1-14 വാടക- രേഖകൾ ഹാജരാക്കിയിട്ടില്ല

1.ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ, മത്സ്യമാർക്കറ്റ് തുടങ്ങിയവ വാടകയ്ക്ക് നല്കി വരുന്നുണ്ട്. വാടക ബൈല പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ മുൻകൂർ അനുമതിയില്ലാതെ തുടർച്ചയായി മൂന്നു വർഷത്തിൽ കൂടുതൽ ലേലം കൂടാതെ മുറികൾ വാടകയ്ക്ക് നല്കാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കുന്നതല്ല (വ്യവസ്ഥ 6) . ഒരേ വാടകക്കാർ തന്നെ വർഷങ്ങളായി മുറികൾ കൈവശം വയ്ക്കുന്നതിന് അനുവദിക്കുന്നതിന് മുമ്പ് ഇത്തരത്തിലുള്ള അനുമതി വാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

2.വ്യവസ്ഥ 11 , 12 ഇവ പ്രകാരം ലേലം സ്ഥിരപ്പെടുത്തിയാൽ മൂന്നുമാസത്തെ വാടക മുൻകൂറായി കെട്ടി വെക്കേണ്ടതാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റും മുൻകൂറും സോൾവൻസിയും വാടക വർധനവിനനുസരിച്ച് വർധിപ്പിച്ച് വാങ്ങുന്നുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

3.2021-22 സാമ്പത്തിക വർഷം മത്സ്യമാർക്കറ്റിലെ വാടകക്കാർ വാടകക്കരാർ പുതുക്കിയിട്ടില്ല.മറ്റ് മുറികളുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

4.മുറികളിൽ കച്ചവടം നടത്തുന്ന വാടകക്കാർ എഫ് ടി ഇ & ഒ എസ് ലൈസൻസ് പുതുക്കിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

5.ആധുനിക നെല്ലുകുത്തു മിൽ വാടകയ്ക്ക് നല്കുന്നതുമായി ബന്ധപ്പെട്ട ബൈല പരിശോധനക്കായി ഹാജരാക്കിയിട്ടില്ല. നടത്തിപ്പുകാർ എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്തതുമായി ബന്ധപ്പെട്ട രേഖകളും റണ്ണിംഗ് ലൈസൻസ് എടുത്തതിന്റെ വിവരങ്ങളും ഹാജരാക്കിയിട്ടില്ല.
6.ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവർത്തനം ഏത് രീതിയിലായിരിക്കണം എന്നതു സംബന്ധിച്ച ഉപ നിയമാവലി തയ്യാറാക്കിയിട്ടില്ല.
1994 ൽ തയ്യാറാക്കി അംഗീകാരം വാങ്ങിയ ബൈല മാത്രമാണ് നിലവിലുള്ളത്. അതിനു ശേഷം ബൈല പുതുക്കുകയോ മറ്റ് കെട്ടിടങ്ങൾക്ക് ബാധകമായ വ്യവസ്ഥകൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. വാടകയിൽ നിശ്ചിത ശതമാനം വർധനവ് വരുത്തുകയല്ലാതെ കാലോചിതമായി പരിഷ്കരിക്കുന്നില്ല.
വാടക, ഡെപ്പോസിറ്റ്, ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ വിവരങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല
മേൽക്കാര്യങ്ങൾ ആരാഞ്ഞു കൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 44/28.01.23 ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങളും അനുബന്ധ രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-15 കുടിശിക ക്ഷാമബത്ത-അധികം നല്കിയതും മറ്റ് അപാകങ്ങളും -1128 രൂപ തിരിച്ചടക്കേണ്ടതാണ്

വൗച്ചർ നമ്പർ 22100094/6.05.21 ₹6,42,988

22100095/06.05.21 ₹3,72,736

22100241/26.07.21 ₹48,140

ശ്രീ ബാലകൃഷ്ണൻ, പി ടി എൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ 15 ദിവസം വീതമാണ് ആർജ്ജിതാവധി സറണ്ടർ ചെയ്തത്. എന്നാൽ (GO(P) 25/2021/ധന തീയതി 08.02.2021 ഉത്തരവ്) പ്രകാരമുള്ള ക്ഷാമബത്ത കുടിശ്ശിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയത് 30 ദിവസം വീതം സറണ്ടർ ചെയ്തതായി കണക്കാക്കിയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നല്കിയ തുക 30 ദിവസത്തെ സറണ്ടർ തുകയ്ക്കുള്ള കുടിശിക ക്ഷാമബത്ത | നല്കാവുന്ന തുക – 15ദിവസത്തെ സറണ്ടർ തുകയ്ക്കുള്ള കുടിശിക ക്ഷാമബത്ത | അധികം നല്കിയത് |
|---|---|---|---|
| 4/2019 | (14800+3404(23% DA)=18204) -(14800 + 2960 (20% DA)= 17660) = 444രൂപ | (7400+1702(23%DA)=9102)-(7400+1480=8880)= 222രൂപ | 444-222=222 |
| 4/2020 | (15100+4832(32% DA)=19932) -(15100+3020(20%DA) =18120) = 1812 | (7550+2416(32DA)=9966) -(7550+1510=9060) = 906 | 1812-906=906 |
| | | | ₹1128 |

അധികം നല്കിയ തുക തിരിച്ച് പിടിക്കേണ്ടതും കുടിശിക ക്ഷാമബത്ത നല്കിയതുമായി ബന്ധപ്പെട്ട വൗച്ചറുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്. വൗച്ചർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ വിശദമായ പരിശോധന സാധ്യമായിട്ടില്ല.

സ്ഥലം മാറിപ്പോയ ജീവനക്കാർ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്ന കാലയളവിലേക്കുള്ള കുടിശിക ക്ഷാമബത്തയും കുടിശിക കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിട്ടില്ലാത്ത ജീവനക്കാർക്കുള്ള ക്ഷാമബത്തയും ചെറുതാഴം ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ അതാത് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് കുടിശിക അനുവദിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും മറ്റ് പഞ്ചായത്തുകളിൽ ജോലി ചെയ്തിരുന്ന ജീവനക്കാരുടെ കാര്യത്തിൽ കുടിശിക കാലയളവിലെ ശമ്പള വിതരണ പത്രികകളും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. അക്വിറ്റൻസ് രജിസ്റ്ററിൽ കുടിശിക വിതരണം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്താത്തതും അപാകമാണ്. വൗച്ചറുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.
സ്ഥാപന സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ മറ്റ് ഗ്രാമപഞ്ചായത്തുകളിൽ ജോലി ചെയ്തിരുന്ന കാലയളവിലെ വിവരങ്ങൾ ലഭ്യമാകാത്തതിനാൽ കുടിശിക ക്ഷാമബത്ത നല്കിയതിന്റെ വിവരങ്ങൾ ജീവനക്കാരുടെ സേവന പുസ്തകങ്ങളിൽ രേഖപ്പെടുത്തേണ്ടതും പ്രസ്തുത പേജിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഐ എൽ ജി എം എസ് ൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

ശ്രീ രാജീവൻ ഇ പി , സീനിയർ ക്ലർക്ക് 23.07.2020 തീയതിയിലാണ് ഗ്രാമപഞ്ചായത്തിൽ നിന്ന് വിടുതൽ ചെയ്തത്- അടിസ്ഥാന ശമ്പളം 31,500രൂപ. എന്നാൽ 7/2020 മാസത്തെ കുടിശിക കണക്കാക്കിയത് പ്രസ്തുത ശമ്പളത്തിന്റെ അടിസ്ഥാനത്തിലല്ല. കാരണം വ്യക്തമാക്കേണ്ടതും മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ നിന്നും ഏത് തീയതി മുതലുള്ള കുടിശിക ശമ്പളമാണ് നല്കിയതെന്ന് അറിയിക്കേണ്ടതുമാണ്.
ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 45/28.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 ശമ്പള പരിഷ്കരണ കുടിശിക കണക്കാക്കിയതിലെ അപാകം- ₹29813 ന്റെ അധികച്ചെലവ്

വൗച്ചർ നമ്പർ 22100357/24.09.21 ₹32324

22100582/21.12.21 ₹67664

ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം സ്വീപ്പറായിരുന്ന കുമാരി പത്മിനി വി വി 04.01.2021 തീയതിയി മരണപ്പെട്ടതിനെ തുടർന്ന് ടിയാരിക്ക് നല്കാനുണ്ടായിരുന്ന ശമ്പള പരിഷ്കരണ കുടിശികയും ക്ഷാമബത്താ കുടിശികയും അവകാശിയായ അമ്മയ്ക്ക് (ശ്രീമതി വി വി പാറു) നല്കിയിരുന്നു. ക്ഷാമബത്താ കുടിശിക നല്കിയത് പരിഗണിക്കാതെ ശമ്പള പരിഷ്കരണ കുടിശിക കണക്കാക്കിയതിനാൽ താഴെ പറയും പ്രകാരമുള്ള തുക അധികമായി നല്കാനിടയായിട്ടുണ്ട്.

കുടിശിക ക്ഷാമബത്ത നല്കിയതിന്റെ വിവരങ്ങൾ (ജി.ഒ.(പി)25/21/ധന/8.2.2021 ഉത്തരവ്)

| മാസം | Amount Due | | Amount Drawn | | കുടിശിക ക്ഷാമബത്ത |
|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ഡി എ | അടിസ്ഥാന ശമ്പളം | ഡി എ | |
| 1/19 | 12820 | 2949(@23%) | 12820 | 2564(@20%) | 385 |
| 2/19 | 12820 | 2949 | 12820 | 2564(@20%) | 385 |
| 3/19 | 12820 | 2949 | 12820 | 2564(@20%) | 385 |
| 4/19 | 12820 | 2949 | 12820 | 2564(@20%) | 385 |
| 5/19 | 12820 | 2949 | 12820 | 2564(@20%) | 385 |
| 6/19 | 12820 | 2949 | 12820 | 2564(@20%) | 385 |
| 7/19 | 13080 | 3662(@28%) | 13080 | 2616(@20%) | 1046 |
| 8/19 | 13080 | 3662 | 13080 | 2616(@20%) | 1046 |
| 9/19 | 13080 | 3662 | 13080 | 2616(@20%) | 1046 |
| 10/19 | 13080 | 3662 | 13080 | 2616(@20%) | 1046 |
| 11/19 | 13080 | 3662 | 13080 | 2616(@20%) | 1046 |
| 12/19 | 13080 | 3662 | 13080 | 2616(@20%) | 1046 |
| 1/20 | 13080 | 4186(@32%) | 13080 | 2616(@20%) | 1570 |
| 2/20 | 13080 | 4186 | 13080 | 2616(@20%) | 1570 |
| 3/20 | 13080 | 4186 | 13080 | 2616(@20%) | 1570 |

| | | | | | |
|---|---|---|---|---|---|
| 4/20 | 13080 | 4186 | 13080 | 2616(@20%) | 1570 |
| 5/20 | 13080 | 4186 | 13080 | 2616(@20%) | 1570 |
| 6/20 | 13080 | 4186 | 13080 | 2616(@20%) | 1570 |
| 7/20 | 13340 | 4802(@36%) | 13340 | 2668(@20%) | 2134 |
| 8/20 | 13340 | 4802 | 13340 | 2668(@20%) | 2134 |
| 9/20 | 13340 | 4802 | 13340 | 2668(@20%) | 2134 |
| 10/20 | 13340 | 4802 | 13340 | 2668(@20%) | 2134 |
| 11/20 | 13340 | 4802 | 13340 | 2668(@20%) | 2134 |
| 12/20 | 13340 | 4802 | 13340 | 2668(@20%) | 2134 |
| 1/21 | 1721 | 620 | 1721 | 344(@20%) | 276 |
| EL Surrender4/19 | 6410 | 1474 | 6410 | 1282(@20%) | 192 |
| EL Surrender7/20 | 6540 | 2354 | 6540 | 1308(@20%) | 1046 |
| | 328591 | 98042 | 3,28,591 | 65,718 | 32324 |

7/19 മുതൽ 1/21 വരെയുള്ള കുടിശിക ക്ഷാമബത്ത = ₹29822

ശമ്പള പരിഷ്ക്കരണ കുടിശിക കണക്കാക്കിയത് 20% ക്ഷാമബത്ത മാത്രം ഡ്രോൺ സാലറിയിൽ ഉൾപ്പെടുത്തിയാണ്. ഈയിനത്തിൽ നല്കിയ തുക = 67540രൂപ

ശമ്പള പരിഷ്ക്കരണ കുടിശിക യഥാർത്ഥത്തിൽ കണക്കാക്കേണ്ടത്

| മാസം | Amount Due | | | Amount Drawn | | | കുടിശിക |
|---|---|---|---|---|---|---|---|
| | അടിസ്ഥാന ശമ്പളം | ഡി എ | ആകെ | അടിസ്ഥാന ശമ്പളം | ഡി എ | ആകെ | |
| 7/19 | 18580 | 0 | 18580 | 13080 | 3662(@28%) | 16742 | 1838 |
| 8/19 | 18580 | 0 | 18580 | 13080 | 3662 | 16742 | 1838 |
| 9/19 | 18580 | 0 | 18580 | 13080 | 3662 | 16742 | 1838 |
| 10/19 | 18580 | 0 | 18580 | 13080 | 3662 | 16742 | 1838 |
| 11/19 | 18580 | 0 | 18580 | 13080 | 3662 | 16742 | 1838 |
| 12/19 | 18580 | 0 | 18580 | 13080 | 3662 | 16742 | 1838 |
| 1/20 | 18580 | 743(@4%) | 19323 | 13080 | 4186(@32%) | 17266 | 2057 |
| 2/20 | 18580 | 743(@4%) | 19323 | 13080 | 4186 | 17266 | 2057 |
| 3/20 | 18580 | 743(@4%) | 19323 | 13080 | 4186 | 17266 | 2057 |
| 4/20 | 18580 | 743(@4%) | 19323 | 13080 | 4186 | 17266 | 2057 |
| 5/20 | 18580 | 743(@4%) | 19323 | 13080 | 4186 | 17266 | 2057 |
| 6/20 | 18580 | 743(@4%) | 19323 | 13080 | 4186 | 17266 | 2057 |
| 7/20 | 18970 | 1328(@7%) | 20298 | 13340 | 4802(@36%) | 18142 | 2156 |
| 8/20 | 18970 | 1328(@7%) | 20298 | 13340 | 4802 | 18142 | 2156 |
| 9/20 | 18970 | 1328(@7%) | 20298 | 13340 | 4802 | 18142 | 2156 |
| 10/20 | 18970 | 1328(@7%) | 20298 | 13340 | 4802 | 18142 | 2156 |
| 11/20 | 18970 | 1328(@7%) | 20298 | 13340 | 4802 | 18142 | 2156 |
| 12/20 | 18970 | 1328(@7%) | 20298 | 13340 | 4802 | 18142 | 2156 |
| 1/21 | 2529 | 177(@7%) | 2706 | 1721 | 620 | 2341 | 365 |
| SLS 7/2020 | 9290 | 650 | 9950 | 6540 | 2354 | 8894 | 1056 |
| | | | | | | | ₹37727 |

ശമ്പള പരിഷ്കരണ കുടിശിക അനുവദിച്ചത് 67540

നല്കാവുന്ന തുക 37727

അധികം നല്കിയ തുക ₹ 29813 (67540 – 37727)

ജീവനക്കാരിയുടെ സേവന പുസ്തകവും ശമ്പള നിർണ്ണയം അംഗീകരിച്ചതുമായി ബന്ധപ്പെട്ട രേഖകളും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാൽ വിശദമായ പരിശോധന സാധ്യമായിട്ടില്ല.

തെറ്റായി കുടിശ്ശിക കണക്കാക്കിയ ഉദ്യോഗസ്ഥരുടെയും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ഭാഗത്തു നിന്നുണ്ടായ വീഴ്ച്ച കാരണം ഗ്രാമപഞ്ചായത്തു ഫണ്ടിൽ നിന്നും ഉണ്ടായ 29813 രൂപയുടെ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക തിരിച്ചടക്കേണ്ടതാണ്.

## 1-17 സെക്രട്ടറിയുടെ തനതു ഫണ്ട് ചെലവുകളുമായി ബന്ധപ്പെട്ട അപാകങ്ങൾ

| വൗച്ചർ നമ്പർ തീയതി | തുക | റിമാർക്സ് |
|---|---|---|
| 22100101/26.05.21 | ₹85000 | മഴക്കാല പൂർവ്വ ശുചീകരണത്തിനായി ലഭിച്ച ശുചിത്വ മിഷൻ ഫണ്ടിനത്തിലുള്ള 170000രൂപയും തനത് ഫണ്ട് വിഹിതമായ 85000രൂപയും മെഡിക്കൽ ഓഫീസർ , എഫ് എച്ച് സി ക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രവും വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ പാസ് ബുക്കിന്റെ പകർപ്പും ചെലവ് സംക്ഷിപ്തവും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല |
| 22100102/26.05.21 | ₹170000 | |
| 22100283/27.08.21 | ₹22435 | വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി വൗച്ചർ നമ്പർ 22100283/27.08.21 പ്രകാരം പിൻവലിച്ച് കെഎസ് ഇ ബി യിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| 22100225/12.07.21 | ₹59142 | കോവിഡ് സമയത്ത് ഗ്രാമപഞ്ചായത്തിലെയും ആരോഗ്യ വിഭാഗത്തിലെയും ജീവനക്കാരെ ഓഫീസുകളിൽ എത്തിച്ച വാഹനങ്ങളുടെ(കെ എൽ 13 എ പി 235, കെ എൽ 13 എ ജി 1157) ഇന്ധന ചാർജ്ജിനത്തിൽ വൗച്ചർ നമ്പർ 22100225/12.07.21 പ്രകാരം 59142രൂപ എംസീ ഫ്യുവൽസ് പിലാത്തറ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. കെ എൽ 13 എ ജി 1157 നമ്പർ വാഹനത്തിന്റെ വിശദാംശങ്ങളും ട്രിപ്പ് ഷീറ്റ്/ലോഗ് ബുക്ക് , ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്റെ വിവരങ്ങൾ എന്നിവയും ഹാജരാക്കിയിട്ടില്ല.(രണ്ടാമത്തെ വാഹനം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്.) |
| 22100094/06.05.21 ₹642988 22100095/06.05.21 ₹372636 | | 05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ സെക്രട്ടറി ഉൾപ്പെടെയുള്ള റഗുലർ ജീവനക്കാർക്ക്(ഒ എ ഒഴികെ) 2021- 2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചത് ശരിയല്ല. |

രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-18 ജീവനക്കാരുടെ ആദായ നികുതി - പ്രതീക്ഷിത നികുതി കണക്കാക്കി പ്രതിമാസം സ്രോതസ്സിൽ നിന്ന് കുറവു ചെയ്തിട്ടില്ല

സെക്രട്ടറിയുടെയും ജീവനക്കാരുടെയും പ്രതിമാസ ശമ്പളബില്ലുകളിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ട ആദായ നികുതി സംബന്ധിച്ച പ്രതീക്ഷിത കണക്കുകൾ മുൻ സാമ്പത്തിക വർഷാവസാനം തന്നെ നടത്തേണ്ടതായിരുന്നുവെങ്കിലും ആയത് ചെയ്യാതെ ഫിബ്രവരി മാസത്തെ ശമ്പള ബില്ലുകളിൽ നിന്നും വലിയ തുക

ആദായ നികുതിയിനത്തിൽ ഈടാക്കി ഒടുക്കിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട് (സെക്രട്ടറി – ₹30000, അസിസ്റ്റന്റ് സെക്രട്ടറി ₹16540). സെക്രട്ടറി ഉൾപ്പെടെ ആദായ നികുതി പരിധിയിൽ വരാനിടയുള്ള മുഴുവൻ ജീവനക്കാരും പ്രതീക്ഷിത നികുതി കണക്കാക്കേണ്ടതും ഈടാക്കേണ്ടുന്ന പ്രതിമാസ തവണകൾ സംബന്ധിച്ച വിവരം ഉൾപ്പെടെയുള്ള പത്രിക സമർപ്പിക്കേണ്ടതുമാണ്.

## 1-19 അംഗീകൃത തസ്തികയില്ലാതെ ദിവസ വേതന ജീവനക്കാരെ നിയമിച്ചത്-410600രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

പിലാത്തറ ബസ് സ്റ്റാൻഡ്, ഹൈടെക്ക് ലൈബ്രറി, മത്സ്യമാർക്കറ്റ്, പഴയങ്ങാടി, മാതമംഗലം, പയ്യന്നൂർ, തളിപ്പറമ്പ റോഡുകൾ എന്നിവ ശുചീകരിക്കുന്നതിനായി ശ്രീമതി ജാൻസി കെ, ശ്രീമതി ഗ്രേസി കെ, ശ്രീമതി പിയ മത്തായി, ശ്രീമതി ഇന്ദിര കെ വി എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സാനിറ്റേഷൻ ജീവനക്കാരുടെ അംഗീകൃത തസ്തികയില്ല.

| മാസം | ചെലവ് | വൗച്ചർ നമ്പർ തീയതി |
|---|---|---|
| 3/21 | 45000 | 22100012/8.04.21 |
| 4/21 | 43200 | 22100070/03.05.21 |
| 5/21 | 46800 | 22100140/1.06.21 |
| 6/21 | 45000 | 22100112/1.07.21 |
| 7/21 | 46800 | 22100262/2.08.21 |
| 8/21 | 45000 | 22100313/9.09.21 |
| 9/21 | 45000 | 22100384/4.10.21 |
| 10/21 | 39600 | 22100481/1.11.21 |
| 11/21 | 43200 | 22100543/1.12.21 |
| ആകെ | ₹3,99,600 | |

ഇതിനു പുറമേ വൗച്ചർ നമ്പർ 22100043/29.04.21 പ്രകാരം ശ്രീമതി പ്രേമവല്ലി എന്നവർക്ക് ഫിബ്രവരി മാസം പിലാത്തറ ഹൈടെക്ക് ലൈബ്രറി, പിലാത്തറ ബസ്സ്റ്റാൻഡ്, പയ്യന്നൂർ , തളിപ്പറമ്പ, മാതമംഗലം , പഴയങ്ങാടി റോഡുകളും മത്സ്യമാർക്കറ്റും ശുചീകരിച്ച വകയിൽ 10800രൂപ നല്കിയിട്ടുണ്ട്.എന്നാൽ ഐ എൽ ജി എം എസ് വൗച്ചർ നമ്പർ 4200341/12.03.21 പ്രകാരം ഇതേ ആവശ്യത്തിനായി ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ട് പ്രകാരം 43200 രൂപ ചെലവഴിച്ചിട്ടുണ്ട്. പതിവിൽ നിന്ന് വ്യത്യസ്തമായി ഒരാളെ കൂടുതലായി നിയോഗിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല. ടിയാരി ജോലി ചെയ്തതുമായി ബന്ധപ്പെട്ട മസ്റ്റർ റോൾ , ഹെൽത്ത് ഇൻസ്പെക്ടറുടെ സാക്ഷ്യപത്രം ഇവ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല എന്നതും അപാകമാണ്.

മേൽക്കാരണങ്ങളാൽ 399600+10800 = 4,10,600 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം. 28/24.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി കരാറിലേർപ്പെടൽ-അപാകതകൾ

| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
|---|---|---|
| പ്രൊജക്ട് നമ്പർ | 13/2022 | 157/2022 (Spillover) |

| | | |
|---|---|---|
| പ്രൊജക്ടിന്റെ പേര് | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി കരാറിലേർപ്പെടൽ | സ്ട്രീറ്റ് ലൈറ്റ് വാർഷിക അറ്റകുറ്റപ്പണി കരാറിലേർപ്പെടൽ |
| അടങ്കൽ | 450000 | 492000 |
| ചെലവ് | 146800 | 492000 |
| ബിൽ നമ്പർ | 5109607201210045/ 07-02-2022 | 1)20190452005900904990/ 07-01-2021-200000. 2)20190452005901280431/ 18-03-2021-150000 3)21190452005900601253/ 03-11-2021-142000 |

1.പ്രൊജക്ട് നമ്പർ 157/2022
14-08-2020 മുതൽ 13-08-2021 വരെയുള്ള കാലയളവിൽ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് വേണ്ടി തയ്യാറാക്കിയതാണ് ഈ പദ്ധതി.(സ്പിൽ ഓവർ) . കരാറുകാരനായ പിപി ഇലക്ട്രിക്കൽസ്,നെരുവമ്പ്രം(ശ്രീമതി.സിന്ധു ശങ്കരൻ നമ്പൂതിരി)ക്ക് 2020-21 വർഷത്തിൽ 350000 രൂപയും 2021-22 വർഷത്തിൽ 142000 രൂപയും കൈമാറിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ തെരുവ് വിളക്കുകളും ഒരു വർഷത്തേക്ക് റിപ്പയർ ചെയ്യുന്നതിനുള്ള കരാറാണ് ചമച്ചത്. എന്നാൽ പ്രസ്തുത കരാറുകളിലോ സമർപ്പിച്ച ടെണ്ടറിലോ ട്യൂബ് , CFL ,LED എന്നിവ ഒറ്റതവണ റിപ്പയർ ചെയ്യുന്നതിനുള്ള നിരക്ക് വ്യക്തമാക്കിയിട്ടില്ല. നിരക്ക് സംബന്ധിച്ച വിവരങ്ങൾ പരാമർശിക്കാതെ ടെണ്ടർ അംഗീകരിച്ചതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല.

2.കരാറുകാരൻ സമർപ്പിച്ച 03-11-2020,18-03-2021,06-08-2021 തീയതികളിലെ ഇൻവോയ്സുകളിൽ എല്ലാ വാർഡുകളിലും അതാത് മെമ്പർമാരുടെ സാന്നിദ്ധ്യത്തിൽ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് പുനസ്ഥാപിച്ചിട്ടുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം,തരം എന്നിവ വ്യക്തമല്ല.

3. രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് ,പരാതി രജിസ്റ്റർ ,റിപ്പയർ രജിസ്റ്റർ എന്നിവ മറുപടിയിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4.തെരുവ് വിളക്കുകളുടെ എണ്ണവും തരവും കണ്ടെത്തുന്നതിനായി കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല

2.പ്രൊജക്ട് നമ്പർ 13/2022
13-10-2021 മുതൽ 12-10-2022 വരെ തെരുവ് വിളക്കുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് വേണ്ടി തയ്യാറാക്കിയതാണ് ഈ പ്രോജക്ട്. കരാറുകാരനായ ശ്രീ.സി ജെ ജോസ് ന് 146800 രൂപ ആദ്യ ഗഡു തുക കൈമാറിയിട്ടുണ്ട്. ക്രമനമ്പർ 1 ൽ സൂചിപ്പിച്ച അപാകങ്ങൾ ഇവിടെയും ആവർത്തിച്ചിട്ടുണ്ട്.

(സർക്കുലർ നമ്പർ 3055/ഡി എ3/2011 ത.സ്വ.ഭ.വ തീയതി 15.09.2011 കാണുക).
അപാകതകൾ ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/28-01-2023) മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും മുഴുവൻ പരാമർശങ്ങൾക്കും മതിയായ വിശദീകരണം/രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-21 ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ-അനുബന്ധരേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതും മറ്റ് അപാകങ്ങളും-400000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| പ്രൊജക്ട് നമ്പർ | 99/2022 |
| പ്രൊജക്ടിന്റെ പേര് | ക്ലീൻ കേരള കമ്പനിക്ക് തുക കൈമാറൽ |
| അടങ്കൽ | 400000 |
| ഫണ്ടിനം | തനത് ഫണ്ട് |

| | |
|---|---|
| ചെലവ് | ₹400000 |
| ബിൽ /വൗച്ചർ നം | 22100220/05-07-2021-₹322193<br>22100932/31-03-2022-₹77807 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിന്റെ എം സി എഫിൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണ യോഗ്യമല്ലാത്ത 27075 കിലോ ഗ്രാം അജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി , കിലോ ഗ്രാമിന് 10 രൂപ വെച്ച് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് പ്രതിഫലം നൽകിയ ഇനത്തിലുള്ളതാണ് ആദ്യത്തെ വൗച്ചർ പ്രകാരമുള്ള ചെലവ്. ചെലവിന്റെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 27075കി ഗ്രാം @ 10/കി ഗ്രാം | 2,70,750 |
| GST 18% | 48,735 |
| KFC | 2,707 |
| ആകെ | 3,22,192 |

ഇതിനു പുറമേ പ്രോജക്ടിന്റെ ഭാഗമായി 77807 രൂപ മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി ശേഖരിച്ച മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായും ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതി സംബന്ധിച്ച് താഴെ കൊടുത്ത പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

1.എം സി എഫിൽ ശേഖരിച്ചിട്ടുള്ള പുനചംക്രമണ യോഗ്യമല്ലാത്ത സാധനങ്ങളുടെ അളവ് ( 27075 കിലോ ഗ്രാം) കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ പാസ് ബുക്കും ധനവിനിയോഗവിവരങ്ങളും ലഭ്യമാക്കിയിട്ടില്ല

3.ക്ലീൻ കേരള കമ്പനിയുമായുള്ള ധാരണാ പത്രം ഹാജരാക്കിയിട്ടില്ല .മേൽ കൊടുത്ത അപാകതകൾ ചൂണ്ടികാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/24-01-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്. 4,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മറ്റ് പരാമർശങ്ങൾ

ഹരിതകർമ്മസേന ശേഖരിക്കുന്ന യൂസർഫീസും തരം തിരിച്ച പ്ലാസ്റ്റിക്കുകൾ വില്പന നടത്തിയ വകയിൽ ലഭിക്കുന്ന തുകയും ഉപയോഗപ്പെടുത്തി പുനചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനുള്ള ഫണ്ടുകൂടി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അപകടകരമായ മാലിന്യങ്ങൾ കൈയ്യൊഴിയുന്നതിനായും ഹരിതകർമ്മസേന ശേഖരിക്കുന്ന യൂസർഫീസ് തികയാത്ത അവസരങ്ങളിൽ ഗ്യാപ്പ് ഫണ്ട് അനുവദിക്കുന്നതിനും ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്താനാണ് സർക്കാർ നിർദ്ദേശമുള്ളത് എന്ന കാര്യം ശ്രദ്ധയിൽ പെടുത്തുന്നു.
നിലവിൽ യൂസർഫീസിനത്തിൽ ശേഖരിക്കുന്ന തുകയുടെ 10% കൺസോർഷ്യത്തിലേക്ക് മാറ്റി ബാക്കി തുക ഹരിതകർമ്മസേനാംഗങ്ങൾ വിഭജിച്ചെടുക്കുകയാണ് ചെയ്യുന്നത് എന്നാണ് അറിയിച്ചത്. ഹരിതകർമ്മ സേനാംഗങ്ങളുടെ വേതനം സംബന്ധിച്ച വ്യക്തത വരുത്തേണ്ടതും വരവു ചെലവു കണക്കുകൾ ഓഡിറ്റ് ചെയ്ത് കൃത്യത ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-22 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ | 2/22 |
| പ്രൊജക്റ്റിന്റെ പേര് | ഐ കെ എം പ്രവർത്തനഫണ്ട് കൈമാറൽ |
| അടങ്കൽ | ₹71168(വികസന ഫണ്ട്) |
| ചെലവ് | ₹71168<br>ബിൽ നം/തീയ്യതി 25/2021-22/08-07-2021 |

ഐ കെ എം വിഹിതം നൽകൽ എന്ന മേൽ പ്രൊജക്റ്റ് പ്രകാരം ₹71168 ഐ കെ എം എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 20/24-01-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-23 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ-വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണവിവരവും ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 186/2022 |
| പ്രൊജക്റ്റിന്റെ പേര് | വികസന പ്രവർത്തനങ്ങൾക്ക് തടസം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ |
| അടങ്കൽ | ₹150000 |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെലവ് | ₹63131 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

വികസന പ്രവർത്തനങ്ങൾക്ക് തടസം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് താഴെ കൊടുത്ത പ്രകാരം കെ എസ് ഇ ബി ക്ക് തുക നൽകിയിട്ടുണ്ട്.

| ക്രമനം | ബിൽ നം/വൗച്ചർ നം | തുക | സ്ഥാപനം |
|---|---|---|---|
| 1 | 5109607201210037/ 07-01-2022 | 7969 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പഴയങ്ങാടി |
| 2 | 5109607201210046/ 14-02-2022 | 6874 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പഴയങ്ങാടി |
| 3 | 22100791/08-03-2022 | 37709 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ പഴയങ്ങാടി |
| 4 | 5109607201210060/ 28-03-2022 | 10579 | കെ എസ് ഇ ബി ഇലക്ട്രിക്കൽ സെക്ഷൻ കുഞ്ഞിമംഗലം |
| | | ₹63131 | |

ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രവും പൂർത്തീകരണ പത്രവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(27/24-01-2023) വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണവിവരവും എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണവിവരവും ലഭ്യമാക്കേണ്ടതാണ്.

## 1-24 മത്സ്യമാർക്കറ്റ് ശുചീകരണം-അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല.1,11,000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ | 10/2022 |

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | മാർക്കറ്റ് ബസ്സ്റ്റാന്റ് ഉൾപ്പെടെയുള്ള സ്ഥലം ശുചീകരണം |
| അടങ്കൽ | ₹800000 (തനത് ഫണ്ട്) |
| ചെലവ് | ₹111000 |
| വൗച്ചർ നമ്പർ,തീയതി, തുക | 22100694/04-02-2022 ₹37,000<br>22100933/31-03-2022- ₹74,000 |

ചെറുതാഴം ഗ്രാമപഞ്ചായത്തിലെ പിലാത്തറ മത്സ്യമാർക്കറ്റിലെ മലിനജലം, പിലാത്തറ ശാന്തി നിലയം കോൺവെന്റിലെ ബയോഗ്യാസ് പ്ലാന്റിലേക്ക് നീക്കം ചെയ്യുന്നതിന് ട്രിപ്പിന് 300 രൂപ നിരക്കിൽ,4/21 മുതൽ 9/21 വരെയുള്ള മാസങ്ങളിലായി 370ട്രിപ്പുകൾക്ക് ശ്രീ.രാജേഷ് സി എന്നയാൾക്ക് ആകെ 111000 രൂപ നല്കിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ കൊടുത്ത രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1.ശാന്തി നിലയം കോൺവെന്റിലെ ബയോഗ്യാസ് പ്ലാന്റിലേക്ക് മലിന ജലം എത്തിക്കുന്നതിന് സമ്മതം നല്കിക്കൊണ്ട് മഠവുമായി ചമച്ച കരാർ
2.മത്സ്യമാർക്കറ്റിലെ ജലം മഠത്തിലേക്കു തന്നെയാണ് കൊണ്ടു പോകുന്നതെന്ന് ഉറപ്പു വരുത്തുന്നതുമായി ബന്ധപ്പെട്ട രേഖകൾ
3.മഠത്തിലെ ബയോഗ്യാസ് പ്ലാന്റിന്റെ കപ്പാസിറ്റി
4.ഉറവിട മാലിന്യ സംസ്കരണത്തിനുള്ള സ്ഥിരം സംവിധാനം ഒരുക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിവരം

5. മത്സ്യമാർക്കറ്റിലെ വാടകക്കരാർ വ്യവസ്ഥകളിൽ ഉറവിട മാലിന്യ സംസ്കരണം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/28-01-2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ 1,11,000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 1-25 എസ് എസ് എ വിഹിതം നൽകൽ-സർക്കാർ ഉത്തരവിൽ നിർദേശിച്ച പ്രകാരം നിർവ്വഹിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ | 8/22 |
| പ്രൊജക്റ്റിന്റെ പേര് | എസ് എസ് എ വിഹിതം നൽകൽ |
| അടങ്കൽ | ₹1000000(വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹1000000<br>ബിൽ നം/തീയ്യതി 26/2021-22/09-07-2021 |

29.01.2018 ലെ സ.ഉ.(കൈ)നം.11/2018ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.3 ൽ ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്റ്റുകൾക്ക് വകയിരുത്തണമെന്നും ഈ പ്രോജക്റ്റുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്റ്റ് തയാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/24-01-2023)മറുപടി ലഭ്യമാക്കുന്നതിനായി എസ് എസ് എ ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പദ്ധതി സർക്കാർ ഉത്തരവിൽ നിർദേശിച്ച പ്രകാരം നിർവ്വഹിക്കേണ്ടതാണ്.

## 1-26 ഘടക സ്ഥാപനങ്ങളുടെ അനാമത്ത് ചെലവുകൾ-വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ | 5/22 |

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | ഘടക സ്ഥാപനങ്ങളുടെ അനാമത്ത് ചെലവുകൾ |
| അടങ്കൽ | ₹400000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | ₹320000,ബിൽ നം/തീയ്യതി 56/2021-22/13-09-2021 |

പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ഘടകസ്ഥാപനങ്ങൾക്ക് അനാമത്ത് ചെലവ് നിർവ്വഹിക്കുന്നതിന് തുക നൽകിയിട്ടുണ്ട്.

| ക്ര.നം | ഘടകസ്ഥാപനത്തിന്റെ പേര് | അക്കൗണ്ട് നം | നൽകിയ തുക |
|---|---|---|---|
| 1 | പി എച്ച് സി | 71906140000126 | 250000 |
| 2 | കൃഷി ഓഫീസ് | 71906040000007 | 30000 |
| 3 | ഹോമിയോ ഡിസ്പെൻസറി | 719061400000139 | 20000 |
| 4 | ഐ സി ഡി എസ് സൂപ്പർവൈസർ | 79901140007165 | 20000 |

പ്രസ്തുത തുകകളുടെ വിനിയോഗസാക്ഷ്യപത്രങ്ങളും ചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.സംരക്ഷണ ഗ്രാന്റിൽ നിന്നും മുൻകൂറായി തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/24-01-2023) മറുപടിയായി വിനിയോഗസാക്ഷ്യപത്രങ്ങളും ചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രങ്ങളും ചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതും സംരക്ഷണ ഗ്രാന്റിൽ നിന്നും മുൻകൂറായി തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-27 വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ-അനുബന്ധരേഖകൾ/വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ട് നം& പേര് | വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം അടവാക്കൽ, 3/22 |
| അടങ്കൽ | 600000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 540476 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

| ക്രമനം | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | 17/2021-22 തീയതി 30-06-2021 | 46401 |
| 2 | 35/2021-22 തീയതി 26-07-2021 | 46401 |
| 3 | 46/2021-22 തീയതി 24-08-2021 | 46401 |
| 4 | 65/2021-22 തീയതി 16-09-2021 | 139203 |
| 5 | 85/2021-22 തീയതി 23-10-2021 | 30065 |
| 6 | 104/2021-22 തീയതി 16-11-2021 | 46401 |
| 7 | 130/2021-22 തീയതി 21-12-2021 | 46401 |
| 8 | 157/2021-22 തീയതി 20-01-2022 | 46401 |
| 9 | 200/2021-22 തീയതി 16-02-2022 | 46401 |
| 10 | 284/2021-22 തീയതി 22-03-2022 | 46401 |
| ആകെ | | 540476 |

പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കിയിട്ടില്ല.

1. KWAയുടെ ഡിമാന്റ് പ്രകാരം പ്രതിമാസം 101ടാപ്പുകൾക്ക് ₹46401 പ്രകാരം,2021-22 സാമ്പത്തിക വർഷം ആകെ ₹540476 റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും അടവാക്കിയിട്ടുണ്ട്. ടി 101 ടാപ്പുകളും പ്രവർത്തന ക്ഷമമാണെന്ന് കാണിക്കുന്ന സംയുക്ത പരിശോധനാ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. KWAയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം (No.53982/08-07-2021) 30-06-2021 ലെ നീക്കിയിരിപ്പ്, ഫൈൻ എന്നിവ യഥാക്രമം ₹1613628 , ₹31669 ആണ്. ഓരോ മാസവും കൃത്യമായി വെള്ളക്കരം അടവാക്കിയിട്ടും ഇപ്രകാരം കടിശ്ശികയും ഫൈനും ഡിമാന്റ് ചെയ്യുവാനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

3.KWAയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം (No.60453/11-02-2022) 31-01-2022 ലെ നീക്കിയിരിപ്പ്, ഫൈൻ എന്നിവ ഒടുക്കാനില്ലായെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. മുൻവർഷങ്ങളിലെ നീക്കിയിരിപ്പ്, ഫൈൻ ക്രമീകരിച്ചതിന്റെ വിശദവിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/24-01-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ ആവശ്യപ്പെട്ട രേഖകൾ/വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ- മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

| | | |
|---|---|---|
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സി യിലേക്ക് മരുന്നുകളും ലാബ് ഉപകരണങ്ങളും വാങ്ങൽ | പാലിയേറ്റീവ് കെയർ |
| പ്രൊജക്ട് നമ്പർ | S0081/22 | S0070/22 |
| അടങ്കൽ | ₹500000/- | ₹736750/- |
| ചെലവ് | ₹499852/- | ₹690092/- |

1.പി.എച്ച്.സി യിലേക്ക് മരുന്നുകളും ലാബ് ഉപകരണങ്ങളും വാങ്ങൽ-മുഴുവൻ സാധനങ്ങളും ലഭ്യമായിട്ടില്ല.
എ)BRN.211904520064010822622 തീയതി 08.02.22 പ്രകാരം 337497/- രൂപ KMSC ൽ മരുന്ന് പർച്ചേസ് ആവശ്യത്തിന് അടച്ചിട്ടുണ്ട്.ഇതിൽ 2,34,149/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്.ബാക്കി 103348/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.
ബി)BRN.21190452006401417115 തീയതി 23.03.22 പ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ മുൻകൂറായി ഒടുക്കിയ 83000/- രൂപയിൽ 61682/- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 21318/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്ററും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.
2.പാലിയേറ്റീവ്കെയർ – മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.
ചെക്ക് നമ്പർ JN - 5243594 Dtd.15.03.2022 പ്രകാരം 165984/- രൂപ മെഡിസിനും ഉപകരണങ്ങളും വാങ്ങുന്നതിനായി കെ എം എസ് സി എൽ ന് നല്കിയതിൽ 72710/- രൂപയുടെ മരുന്നുകളാണ് ലഭിച്ചത്. ബാക്കി വരുന്ന 93274/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭ്യമാകുന്ന മുറക്ക് അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.ചെക്ക് നമ്പർ JN - 5243596 Dtd.31.03.2022 പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 50000 രൂപ നല്കിയിട്ടുണ്ട്. ആയത് ഉപയോഗപ്പെടുത്തി മരുന്നുകൾ വാങ്ങിയതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മുഴുവൻ ബില്ലുകളും ടാക്സ് ഇൻവോയ്സുകളും ഹാജരാക്കേണ്ടതാണ്.

## 1-29 തുടർ സാക്ഷരതയ്ക്കുള്ള ഫീസ് അടവ്-തുടർ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |
| പ്രൊജക്ട് നമ്പർ/പേര് | 211/22,സാക്ഷരതാ തുടർ പ്രവർത്തനം. |
| അടങ്കൽ | ₹50000(തനത് ഫണ്ട് ) |
| ചെലവ് | ₹48700 |
| വൗച്ചർ നം/തീയ്യതി/തുക | 22100822/17.3.2022/₹48700. |

തുടർസാക്ഷരതാ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി തുല്യതാ പഠിതാക്കൾക്ക് പരിക്ഷാ ഫീസ് ഇനത്തിൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ പ്ലസ് വൺ തുല്യതാ കോഴ്സിന് 11 പേരെയും എസ്.എസ്.എൽ.സി തുല്യതാ കോഴ്സിന് 14 പേരെയും പഠിതാക്കളായി തെരഞ്ഞെടുത്ത് അവരുടെ ഫീസിനത്തിൽ 48700.രൂപ Kerala State Litteracy Mission-ന് അനുവദിച്ചിട്ടുണ്ട്. ഇതിൽ എത്ര പഠിതാക്കൾ പരീക്ഷ എഴുതി എന്നും എത്ര പേർ വിജയിച്ചു എന്നും അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/2021-22/20.1.2023) നൽകിയ മറുപടിയിൽ പ്ലസ് വണ്ണിന് 8 പേർ പരീക്ഷ എഴുതിയതിൽ 6 പേർ വിജയിച്ചു എന്നും എസ്.എസ്.എൽ.സി ക്ക് 4 പേർ പരീക്ഷ എഴുതി വിജയിച്ചിട്ടുണ്ടെന്നും, രജിസ്ട്രേഷൻ കാലാവധി 3 വർഷം ഉള്ളതിനാൽ അവശേഷിക്കുന്നവരെ

ഈവർഷം തന്നെ പരീക്ഷ എഴുതിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം അവയുടെ ഫലപ്രാപ്തിയും മുഖ്യ പരിഗണനാ വിഷയമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയും, വർക്കിംഗ് ഗ്രൂപ്പും ഫലപ്രദമായി ഇടപെടേണ്ടതാണ്

## 1-30 അങ്കണവാടി പോഷകാഹാര വിതരണം ന്യൂട്രിമിക്സ് വാങ്ങിച്ച തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രൊജക്ട് നം. | 66/22 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാര വിതരണം |
| അടങ്കൽ ₹5000000 | വികസന ഫണ്ട് -₹1929402<br>കേന്ദ്രാവിഷ്കൃത ഫണ്ട്-₹2000000<br>തനത് ഫണ്ട്-₹1070598 |
| ചെലവ് ₹4396855 | വികസന ഫണ്ട് -₹1929402<br>കേന്ദ്രാവിഷ്കൃത ഫണ്ട്-₹1396855<br>തനത് ഫണ്ട്-₹1070598. |
| ബിൽ നം/ചെക്ക് നം/വൗച്ചർ നം/തീയ്യതി/തുക | 21190452006200127460/9.6.2021 /₹1288985.<br>21190452006200127473/17.6.2021 /₹403267<br>21190452006200145076/23.6.2021 /₹208620.<br>21190452006200302902/13.8.2021 /₹28530.<br>22100342/18.9.2021/₹388075.<br>22100734/21.2.2022/₹319166.<br>68/22.9.2021/₹369941.<br>161/21.1.2022/₹27024.<br>188/14.2.2022/₹29080.<br>4085112/16.11.2021/₹608638.<br>4085119/30.3.2022/₹689614.<br>4085118/24.3.2022/₹35915 |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്യുന്നതിന ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്കായി മേൽ പദ്ധതിയുടെ ഭാഗമായി ഭാഗ്യശ്രീ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ.നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ളത്) (₹) | തുക ഉൾപ്പെടുന്ന ബിൽ നം/വൗച്ചർ നം/ തീയതി /തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 96/10.5.2021 | 183802 | 21190452006200127473/<br>₹403267(ഉൾപ്പെട്ട തുക)<br>21190452006200145076/23.6.2021<br>/₹208620(ഉൾപ്പെട്ട തുക) |
| 2 | 100/9.6.2021 | 183802 | |
| 3 | 92/12.4.2021 | 198686 | |
| 4 | 110/18.8.2021 | 185692. | ചെക്ക് നമ്പർ-5168841/30.10.2021<br>/₹608638 (ഉൾപ്പെട്ട തുക) |
| 5 | 114/15.9.2021. | 185456. | " |
| 6 | 117/6.10.2021. | 177423. | " |
| | ആകെ. | ₹11,14,861 | |

മേൽ തുകയിൽ നിന്നും 22297 രൂപ . ടി.ഡി .എസ് ചെയ്ത് ഒടുക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/2021-22/27.1.2023) നൽകിയ മറുപടി തൃപ്തികരമല്ല.

ജി,എസ്.ടി കൂടാതെ തന്നെ ബിൽ തുക 1114861രൂപയാണ്.കൂടാതെ മുഴുവൻ ബില്ലുകളിലും 5% ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സ്രോതസ്സിൽ നിന്നും നിയമാനുസൃതമായി ഈടാക്കേണ്ടിയിരുന്ന ടി ഡി എസ് ചെയ്യാതിരുന്നത് ശരിയല്ല. സ്ഥാപനം ജി എസ് ടി റിട്ടേൺ ഫയൽ ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-31 അങ്കണവാടി പോഷകാഹാര വിതരണം പദ്ധതി നിർവ്വഹണത്തിലെ -അപാകങ്ങൾ.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| പ്രൊജക്ട് നം. | 243/22 |
| പ്രൊജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാര വിതരണം |
| അടങ്കൽ ₹700000 | വികസന ഫണ്ട് -₹700000. |
| ചെലവ് ₹699504 | വികസന ഫണ്ട് -₹699504 |
| ബിൽ നം/തീയ്യതി/തുക | 261/17.3.2022/₹694002.<br>268/18.3.2022/₹5502. |

സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ വകുപ്പ് 51(1) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.50 ലക്ഷം രൂപയിൽ അധികമാണെങ്കിൽ സ്രോതസ്സിൽ നിന്നും ജി എസ് ടി ഒഴികെയുള്ള തുകയുടെ 2% ജി.എസ്.ടി ടി.ഡി.എസ് (1% CGST + 1%SGST) ഈടാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികൾക്കായി മേൽ പദ്ധതിയുടെ ഭാഗമായി ഭാഗ്യശ്രീ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും വാങ്ങിയ അമൃതം ന്യൂട്രിമിക്സിന്റെ തുകയിൽ നിന്നും ടിഡിഎസ് ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ.നം. & തീയതി | തുക (ജി എസ് ടി ഒഴികെയുള്ളത്) (₹) | തുക ഉൾപ്പെടുന്ന ബിൽ നം/വൗച്ചർ നം/ തീയതി /തുക |
|---|---|---|---|
| 1 | 121/28.10.2021 | 171517 | 21190452006201351890/<br>₹694002(ഉൾപ്പെട്ട തുക) |
| 2 | 124/7.12.2021 | 170809 | |
| 3 | 127/28.12.2021 | 164430 | |
| 4 | 133/2.2.2022. | 162776 | |
| | ആകെ | ₹669532 | |

മേൽ തുകയിൽ നിന്നും 13391 രൂപ . ടി.ഡി .എസ് ചെയ്ത് ഒടുക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.34/2021-22/27.1.2023) നൽകിയ മറുപടി തൃപ്തികരമല്ല. . ജി,എസ്.ടി കൂടാതെ തന്നെ ബിൽ തുക 669532രൂപയാണ്.കൂടാതെ മുഴുവൻ ബില്ലുകളിലും 5% ജി.എസ്.ടി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ സ്രോതസ്സിൽ നിന്നും നിയമാനുസൃതമായി ഈടാക്കേണ്ടിയിരുന്ന ടി ഡി എസ് ചെയ്യാതിരുന്നത് ശരിയല്ല. സ്ഥാപനം ജി എസ് ടി റിട്ടേൺ ഫയൽ ചെയ്തുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-32 പഞ്ചായത്തിലെ ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകൽ- അപാകങ്ങൾ ₹7356 നിരാകരിക്കുന്നു, 57890/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ്.<br>ഗവ.യു.പി.സ്കൂൾ.പുറച്ചേരി. |
| പ്രൊജക്ട് നം. | 88/22 |
| പ്രൊജക്ടിന്റെ പേര് | പഞ്ചായത്തിലെ ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകൽ |
| അടങ്കൽ ₹85000 | തനത് ഫണ്ട് -₹85000. |
| ചെലവ് | ₹65246<br>വൗച്ചർ നം/തീയ്യതി 22100832/18.03.22 |

(എ)ഉപകരണങ്ങൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതുമായി ബന്ധപ്പെട്ട രേഖകൾ (ടെണ്ടർ നോട്ടീസ് മുതലായവ) ഹാജരാക്കിയിട്ടില്ല.

(ബി) ഭരണ സമിതി അംഗീകരിച്ച KEERTHI UNIFORM AND MATCHING CENTRE എന്ന സ്ഥാപനം ക്വാട്ട് ചെയ്ത തുക GST ഉൾപ്പെടാത്തതാണ് എന്നാണ് മറുപടി നല്കിയത്. ടെണ്ടർ നോട്ടീസിൽ ഇതു സംബന്ധിച്ച പരാമർശം ഉണ്ടോ എന്ന് വ്യക്തമല്ല.

(സി)ചില ഇനങ്ങൾക്ക് കീർത്തി യൂനിഫോംസ് ക്വാട്ട് ചെയ്തതും ഭരണസമിതി അംഗീകരിച്ചതുമായ വിലയിൽ നിന്നും വ്യത്യസ്തമായ നിരക്കിലാണ് പർച്ചേസ് ബില്ലിൽ വില രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ക്വാട്ട് ചെയ്തത് | ഭരണ സമിതി അംഗീകരിച്ചത് (R No. 4/22 തീയതി 8.2.2022) | ബിൽ പ്രകാരമുള്ള വില ₹ | അനുവദിക്കാവുന്ന തുക ₹ | അധികം അനുവദിച്ച തുക ₹ |
|---|---|---|---|---|---|
| Football Gloves | 300 | 300 | 392.86X34= 13357+1603 (12% GST)=14960 | 300X34=10200+ 12%GST 1224 =11424 | 3536 |
| Volly Ball Net, | 289 | 289 | 458.93X17= 7802+936 (12% GST)=8738 | 289X17=4913+590 (12%GST)=5503 | 3235 |
| Hand Pump | 130 | 130 | 160.72X17= 2732+328 (12% GST)=3060 | 130X17=2210+265 (12% GST)=2475 | 585 |

ക്വാട്ട് ചെയ്തതിനെക്കാൾ കൂടുതൽ വില നല്കിയതിനാൽ മുകളിൽ പരാമർശിച്ച 3 സാധനങ്ങൾക്കായി 7356 രൂപ അധികം നല്കിയിട്ടുണ്ട്.

(ഡി)പദ്ധതിയുടെ ഭാഗമായി 9.3.2022-ലെ Invoice No.2470-പ്രകാരം KEERTHI UNIFORM AND MATCHING CENTRE എന്ന സ്ഥാപനത്തിൽ നിന്ന് 65246രൂപ ചെലവഴിച്ച് വാങ്ങിച്ച സ്പോർട്സ് ഉപകരണങ്ങൾ 17ക്ലബ്ബുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഓരോ ക്ലബ്ബിനും ഏതൊക്കെ സാധനങ്ങൾ എത്ര വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കിയിട്ടില്ല. ക്ലബ്ബുകളുടെ രജിസ്ട്രേഷൻ നമ്പർ ഹാജരാക്കിയിട്ടില്ല. ക്ലബുകൾ ഏതൊക്കെ സാധനങ്ങളാണ് ആവശ്യമായിട്ടുള്ളത് എന്ന് അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ടോ എന്നും അറിയിച്ചിട്ടില്ല. കൂടാതെ പ്രസ്തുത സാധനങ്ങൾ ക്ലബ്ബുകൾക്ക് എത്ര എണ്ണം വീതമാണ് അനുവദിച്ചതെന്നും, വ്യക്തമല്ല.

സാധനങ്ങൾക്ക് ക്വാട്ട് ചെയ്ത തുകയെക്കാൾ കൂടുതൽ നല്കിയ 7356 രൂപ നിരാകരിക്കുന്നു. ( ഓഡിറ്റ് അന്വേഷണം നം.43/2021-22/28.1.2023) നിരാകരിച്ച തുക കഴിച്ചുള്ള ചെലവായ 57890/- രൂപ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും അധികം നൽകിയ തുക തിരിച്ചടക്കേണ്ടതുമാണ്.

## 1-33 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ/ പേര് | 84/22 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | ₹468750 (വികസന ഫണ്ട് )<br>₹937500 (മറ്റുള്ളവ)<br>₹ 468750 (സംസ്ഥാനം )<br>ആകെ : ₹1875000 |
| ചെലവ് | ₹468750 (വികസന ഫണ്ട്)<br>ബിൽ നമ്പർ / തിയ്യതി(A.C.R) : 171/3.2.22 |

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി ₹468750 എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടറുടെ പേരിലുള്ള 719011400000003 നമ്പർ അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം(നാളിതുവരെയുള്ളത്) , ഡ്രോപ്പ് ഔട്ട്സ് ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 12/22.01.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രവും രേഖകളും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-34 മരുന്ന് വാങ്ങൽ - രേഖകൾ ഹാജരാക്കാത്തത്-326797രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

1.മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ/ പേര് | 82/22 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 ( മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്)) |
| ചെലവ് | ₹200000 ,ബിൽ നമ്പർ/തിയ്യതി(A.C.R) :247/15.3.22/ ₹2,00,000 |

ന്യൂലാൽ എന്റർപ്രൈസ്സിൽ നിന്നും ₹2,00,000 രൂപയുടെ മരുന്ന് വാങ്ങിയിട്ടുണ്ട്. മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ,പർച്ചേസ് ബിൽ എന്നിവ ഹാജരാക്കിയിട്ടില്ല

